**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** **09-10-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കുഞ്ഞ് ഉല്പാദനത്തിന് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മത്സ്യമായ കരിമീനിന്റെ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് എന്തെല്ലാം സഹായ പദ്ധതികളാണ് വകുപ്പ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന മത്സ്യമായ കരിമീൻ മത്സ്യവിത്തിന്റെ വർദ്ധിച്ച വരുന്ന ആവശ്യകത നിറവേറ്റുന്നതിനും മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ/സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള ഹാച്ചറികൾക്ക് പുറമേ കർഷകരുടെ സഹകരണത്തോടെ കരിമീൻ പിന്നാമ്പുറ മത്സ്യ വിത്തുല്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു. ഒരു യൂണിറ്റിന്റെ ചെലവ് 3 ലക്ഷം രൂപയാണ്. പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് 40% സബ്സിഡിയും മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് യഥാക്രമം 20%, 10% സബ്സിഡിയും നൽകി വരുന്നു. മുൻ വർഷം 175 പുതിയ കരിമീൻ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 355 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈ യൂണിറ്റുകളിൽ നിന്നും 79.37 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ വർഷവും പദ്ധതി തുടർന്ന് വരുന്നു.<br><br>കുഫോസ്(Kerala University of Fisheries and Ocean Studies) 'കരിമീൻ ഗ്രാമം' എന്ന പേരിൽ വിജ്ഞാന വ്യാപന ബജറ്റിൽ ഒരു പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിനു പുറമെ ഗവേഷണ വിഭാഗത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരിമീൻ പൊരുന്ന മത്സ്യങ്ങളെ സർവകലാശാലയിൽ കൊണ്ടുവന്ന് പ്രജനനം നടത്തി കൂടുതൽ വേഗതയിൽ വളരുന്ന ജനുസ്സുകൾ ഉത്പാദിപ്പിക്കുന്ന പ്രക്രിയ നടന്നു വരുന്നു. |
| (ബി) | വരാൽ, മഞ്ഞക്കൂരി, കാരാ, നാടൻ മുഷി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രാദേശിക തലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി എത്ര | (ബി) | കർഷകരുടെ സഹകരണത്തോടെ വരാൽ പിന്നാമ്പുറ മത്സ്യ വിത്തുല്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | | ഒരു യൂണിറ്റിന്റെ ചെലവ് 3 ലക്ഷം രൂപയാണ്. പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് 40% സബ്സിഡിയും മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് യഥാക്രമം 20%, 10% സബ്സിഡിയും നൽകി വരുന്നു. മുൻവർഷം 63 പുതിയ വരാൽ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 166 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈ യൂണിറ്റുകളിൽ നിന്നും 34.66 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ വർഷവും പദ്ധതി തുടർന്ന് വരുന്നു. സർക്കാർ/സർക്കാർ ഏജൻസികളുടെ ഹാച്ചറികളിൽ നിന്നും വരാൽ, മഞ്ഞക്കൂരി, കാരി, നാടൻമുഷി എന്നിവയുടെ കുഞ്ഞുൽപ്പാദനം നടത്തി വരുന്നു. സർക്കാരിന്റെ ആസൂത്രണ ധനസഹായത്തിന് കീഴിൽ വംശനാശ ഭീഷണിയിലുള്ള തദ്ദേശീയ മത്സ്യയിനമായ "മഞ്ഞക്കൂരി"യുടെ കൃത്രിമ പ്രജനന സാങ്കേതികവിദ്യ കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല വികസിപ്പിച്ചെടുക്കുകയും ചാലക്കുടി നദിയിലെ പെരിങ്ങൽക്കുത്ത് അണക്കെട്ട്, ശാസ്താംകോട്ടത്തടാകം എന്നിവിടങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ വിത്തുല്പാദന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള സർവ്വകലാശാലയുടെ ഒരു പദ്ധതിക്ക് കേരള ജൈവ വൈവിദ്ധ്യ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും ഉപജീവനത്തിനും ഉതകുന്ന രീതിയിൽ ഇടമലയാർ വനമേഖലയിൽ വനം വന്യജീവി വകുപ്പ്, വൈദ്യുതി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഒരു തദ്ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ കഴിഞ്ഞ വർഷം, സർക്കാരിന്റെ ആസൂത്രണ ധനസഹായത്തിന് കീഴിൽ, ചാലക്കുടി, പെരിങ്ങൽക്കുത്ത്, ശാസ്താംകോട്ട പ്രദേശങ്ങളിൽ ധാരാളം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരുന്നു. ഇത് വകുപ്പിന്റെ റിസർവോയർ ഫിഷറീസ് വികസന പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കിയത്. പെരിയാർ നദി, അന്നമനട പഞ്ചായത്ത് എന്നിവിടങ്ങളിലും ഇങ്ങനെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചിരുന്നു. പദ്ധതി ഈ വർഷവും തുടർന്ന് വരുന്നു. |
| (സി) | ഇത്തരം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് സഹായകമാകുന്ന വിധം പരിശീലന പരിപാടികൾ ഗവേഷണ സ്ഥാപനങ്ങൾ മുഖേന മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പിന്നാമ്പുറ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ഫിഷറീസ് വകുപ്പ് മുഖേന നടത്തി വരുന്നു. ഗവേഷണ സ്ഥാപനങ്ങൾ മുഖേന നേരിട്ട് പരിശീലനം നൽകുന്നതിന് കർഷകർ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ